പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോ ദ്യം നമ്പർ :2852 12/10/2011-ൽ മറുപടിക്ക്

സാംസ്ക്കാരിക വിനിമയ പരിപാടികൾ

ചോ ദ്യം
ഡോ. എൻ. ജയരാജ്

മറുപടി
ശ്രീ .കെ .സി ജോസഫ്
ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സാംസ്ക്കാരിക വിനിമയ പരിപാടികളുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു; | എ) | സാംസ്ക്കാരിക കാര്യ വകപ്പിന് കീഴിലുള്ള കേരള ഫോക് ലോർ അക്കാദമി വിവിധ സംസ്ഥാനങ്ങളിലെ നാടൻ കലാകാരന്മാരുടെ കലാപ്രദർശനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട് .കേരള ലളിത കലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയിലെ വടക്കൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കലാകാരന്മാരെ ഉൾപ്പെടുത്തി ആദിവാസി നാടോടി ഗോത്ര ചിത്ര ശില്പ കലാ ക്യാമ്പുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചിട്ടുണ്ട് . ഇത്തരത്തിലുള്ള ക്യാമ്പുകൾ മെറ്റൽ കാസ്റ്റിംഗ്, തടി ശില്പ നിർമ്മാണം,ലോഹ ശില്പ നിർമ്മാണം എന്നിവയ്ക്കായും സംഘടിപ്പിച്ചിട്ടുണ്ട് .വിവര പൊതുജന സമ്പർക്ക വകുപ്പ് അന്തർസംസ്ഥാന സാംസ്ക്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി 2007-08 വർഷത്തിൽ ഹിമാചൽ പ്രദേശിലേക്ക് ഒരു സംഘത്തെ അയയ്ക്കുകയും അവിടത്തെ സംഘം കേരളത്തിൽ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. |
| ബി) | പ്രസ്തുത പരിപാടികൾ നഗരങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ഗ്രാമപ്രദേശങ്ങളിൽ നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഇത്തരം പരിപാടികൾ കുറഞ്ഞ തോതിലാണ് സംഘടിപ്പിച്ചു വരുന്നത് .ആയതിനാൽ സാംസ്ക്കാരിക വിനിമയ പരിപാടികൾ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് വിവിധ അക്കാദമികൾ ശ്രദ്ധ ചെലുത്തുന്നുണ്ട് |
| സി) | ഗ്രാമപ്രദേശങ്ങളിലേയ്ക്കുകൂടി പ്രസ്തുത പരിപാടികൾ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

Padmanp

സെക്ഷൻ ഓഫീസർ